അപാർണ്ണ

# മഴവില്ലിന്റെ രണ്ടറ്റങ്ങൾ

സമയവേഗങ്ങളിൽ കാൽതെന്നിവീഴുമ്പോൾ, ജോലിക്കാലം ഒരു കൃത്യതയ്ക്കുള്ളിൽ കണിശമായ കണക്കുകളുടെ ചത്വരത്തിനുള്ളിലൊതുങ്ങുമ്പോൾ, ഓർമ്മകൾക്കുമീതെ കനം വെച്ചുതുടങ്ങുന്നു പച്ചപ്പുപ്പലുകളിൽ നഖം കൊണ്ടുള്ള ചിത്രമെഴുത്ത്. നരച്ചദിവസങ്ങളുടെ മടുപ്പിനുമീതെ അവൻ നിറങ്ങൾ കോരിയൊഴിക്കുമ്പോൾ എന്റെ ആകാശത്തിലേക്ക് മഴവില്ലും പക്ഷികളും തിരിച്ചെത്തുന്നു. ഒരേ മഴവില്ലിന്റെ രണ്ടറ്റങ്ങളിലിരുന്ന് കഥ പറഞ്ഞിരുന്നവർ ഓർമ്മകളിലേക്ക് പിൻവാങ്ങുന്നു.

(തൊണ്ണൂറാം വയസ്സിലും എന്റെ കൂട്ടുകാരനായിരിക്കുമെന്ന് വാക്കുപറഞ്ഞവൻ ജോലിത്തിരക്കുകളിലേക്ക് മുങ്ങുന്നു) സ്നേഹത്തിന്റെ വിരൽക്കൂട്ടിൽ ഓർമ്മകളിലേക്ക് തിരിച്ചു നടക്കുമ്പോൾ ഞാനവനോടൊരു കഥ പറയുന്നു. തെളിഞ്ഞ ജലാശയത്തിന്റെ അടിത്തട്ടിൽ വെയിലേറ്റാൽ വെട്ടിത്തിളങ്ങുന്ന വെള്ളാരങ്കല്ലുകളുടെ പറയാക്കഥപോലെ ഒരു കാലം. പറഞ്ഞുതുടങ്ങിയൊരു കഥ മുഴുവൻ കേൾക്കാതെ അച്ചമ്മയെ ഉമ്മറക്കോലായിലൊറ്റയ്ക്കാക്കി ഓടിപ്പോന്ന കാലത്തിന് ഓർമ്മകളിൽ വേലിക്കൊന്നകളുടെ ഇളം റോസ് നിറം....

കുട്ടിക്കാലത്തിന് വെള്ളാരങ്കല്ലുകളുടെയും, കുട്ടിക്യൂറാ പൗഡറിന്റെയും ഹോമിയോ ഗുളികകളുടെയും മണമാണ്. അനായാസമായ ഒരു സൈക്കിൾ യാത്രയുടെ സുഖം. രോഗകാലങ്ങളുടെ തണുത്ത സ്നേഹത്തിൽ നിന്ന് ഒട്ടും വ്യക്തമല്ലാത്ത ഒരോർമ്മ! മുഖമില്ലാത്ത, പേരില്ലാത്ത ഒരോർമ്മ! നാലുമുറിക്കുള്ളിലെ സൈക്കിൾസവാരിയുടെ ഓർമ്മ. എല്ലാ ഉത്സാഹങ്ങളും അസുഖങ്ങളുടെ തണുപ്പിലേക്കമർന്നു പോകുന്ന ആ കാലത്തിന് കോഴിക്കോടിന്റെ രാത്രികളുടെ ഒളിപ്പിച്ച കൗതുകം! വെട്ടിനിർത്തിയ ചെടികളുള്ള, എപ്പോഴും ഒച്ചവെച്ചു കൊണ്ടിരിക്കുന്ന പക്ഷികളുള്ള ഡോക്ടറുടെ വീട്. ഓർമ്മകളിൽ നിന്ന് ചുരണ്ടിക്കൊഴിച്ച പൂപ്പലുകളുടെ കടുത്ത പച്ച നിറം.

ഡോക്ടറുടെ സ്നേഹത്തിന്റെ പതുപതുത്ത കൈകൾ അസുഖങ്ങളെ നുള്ളിയെറിയുന്നു. എപ്പോഴും കരയുന്ന ഒരു കുട്ടി ചിരിക്കാൻ പഠിക്കുന്നു. ഹോമിയോ ഗുളികകളുടെ വെളുത്ത മധുരം കണക്കെ ഒരു സ്നേഹം വണ്ടിപ്പേട്ടയിൽ ബസ്സിറങ്ങുമ്പോൾ കർട്ടനിലെ മുന്തിരികളെ തൊട്ടുകൊണ്ടുള്ള സൈക്കിൾ യാത്രയുടെ ഓർമ്മ. സൈക്കിൾ ചവിട്ടാനറിയാത്ത എന്നെ സീറ്റിലിരുത്തി പതുക്കെതള്ളിക്കൊണ്ട് നടക്കുന്ന ഡോക്ടറുടെ കുട്ടിക്ക് ഓർമ്മയിലൊ രു മുഖമില്ല. മരിച്ചു ജീവിച്ച ഒരു കാലത്തിന്റെ (അച്ചമ്മയുടെ ഭാഷയിൽ) മുഖമില്ലാത്ത ഓർമ്മയായി ആ മഞ്ഞസൈക്കിൾ! മൂന്നുചക്രങ്ങളുള്ള സൈക്കിളിൽ അവന്റെ സനേഹത്തിന്റെ വാക്കുകളോ കുശലാന്വേഷണങ്ങളോ ഇല്ലാത്ത സൗഹൃദത്തിന്റെ അഹന്തയിലിരിക്കുമ്പോൾ ഡോക്ടർ ഫിലിപ്പോസിന്റെ ചിരിക്കുന്ന മുഖം. വൈദ്യശാസ്ത്ര മാസികകൾ ചിതറിക്കിടക്കുന്ന ഡോക്ടറുടെ മേശക്കരികെ അവസാനിക്കുന്ന സൈക്കിൾ സവാരി! മുതിർന്നപ്പോൾ സൈക്കിളിന്റെ ബെല്ലടിക്കാൻ മാത്രമറിയാവുന്ന ഞാൻ അപ്പോഴൊക്കെ ആ മഞ്ഞസൈക്കിളിന്റെ ഓർമ്മയിൽ നിറയുന്നു. ഞാനെന്റെ ബാല്യത്തെ തിരിച്ചെടുക്കുന്നു! ഒരു വാഹനാപകടത്തിൽ ഡോ:ഫിലിപ്പോസ് മരിച്ചെന്നു കേട്ടപ്പോഴും ഓർമ്മകളിലേക്ക് തനിയെ നീങ്ങി വന്ന്, കർട്ടനിലെ മുന്തിരികളെ തൊട്ട് ഒച്ചയുണ്ടാക്കിക്കൊണ്ട് ആ സൈക്കിൾ. പൊടിപുരളാത്ത, ഒച്ചയും ബഹളവുമില്ലാത്ത ഒരു സൈക്കിളോർമ്മ ! ●

